**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 393** **01-02-2023 - ൽ മറുപടിയ്ക്ക്**

**വിളപ്പിൽ പോളീടെക്നിക്കിലേക്കുള്ള ഗതാഗതത്തിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഐ ബി സതീഷ് | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | വിളപ്പിൽ പോളീടെക്നിക്കിലേക്കുള്ള സുഗമമായ ഗതാഗതത്തിന് സ്വകാര്യവ്യക്തികൾ വിട്ടുനൽകിയിട്ടുള്ള ഭൂമി പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനായുള്ള അടിയന്തര നടപടി സ്വീകരിച്ച് ഭൂമി റവന്യൂ വകുപ്പിന് കൈമാറാൻ നടപടി സ്വീകരിക്കുമോ; ആയത് സംബന്ധിച്ച നിലവിലെ സ്ഥിതി വിശദമാക്കാമോ? | (എ) | വിളപ്പിൽ പോളിടെക്നിക്കിലേക്കു സുഗമമായ ഗതാഗത സൗകര്യം ഒരുക്കുന്നതിന് മൂന്ന് സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിലുള്ള വസ്തുവിലേക്കുള്ള സ്വകാര്യ വഴിയും, കൂടാതെ പോളിടെക്നിക്കിനായുള്ള ഭൂമിയിലേക്ക് എത്തുന്നതിനു സ്വകാര്യ സ്ഥലവും കൂടി ലഭിച്ചാൽ മാത്രമേ പോളിടെക്നിക്കിലേക്ക് ഗതാഗത സൗകര്യം ലഭ്യമാവുകയുള്ളൂ. വിളപ്പിൽ ഗ്രാമ പഞ്ചായത്ത് ഭരണ സമിതിയുടെ നേതൃത്വത്തിൽ ബന്ധപ്പെട്ട സ്വകാര്യ വ്യക്തികളുമായി സ്ഥലം ലഭ്യമാക്കുന്നത് സംബന്ധിച്ച് ചർച്ച ചെയ്തെങ്കിലും പ്രസ്തുത സ്ഥലം വിട്ടുകിട്ടിയില്ല. |

സെക്ഷൻ ഓഫീസർ